മേലടി പ്രൈമറി ഹെൽത്ത് സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കുവാൻ നടപടി

31(1842) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി മണ്ഡലത്തിലെ മേലടി പ്രൈമറി ഹെൽത്ത് സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി മാറ്റുവാനുള്ള അപേക്ഷ പരിഗണിക്കുമോ ;

(ബി) പ്രസ്തുത പ്രൈമറി ഹെൽത്ത് സെന്ററിൽ നിലവിൽ എത്ര ഡോക്ടർമാരുണ്ട് ; മറ്റ് ജീവനക്കാർ എത്ര വീതം ;

(സി) മേലടി പ്രൈമറി ഹെൽത്ത് സെന്റർ കെട്ടിടത്തിൽ നിലവിലുള്ള സൗകര്യം ഉപയോഗപ്പെടുത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ധനലഭ്യതയനുസരിച്ചും മാനദണ്ഡങ്ങൾ അനുസരിച്ചും സി.എച്ച്.സി.യായി ഉയർത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) 30 കിടക്കകളുള്ള വാർഡുകളുടെ പ്രവർത്തനത്തിനാവശ്യമായ 4 ഡോക്ടർ, 2 ക്ലാർക്ക്, ഒരു ഫാർമസിസ്റ്റ്, ഒരു ഡ്രൈവർ, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഓപ്ത്താൽമിക് അസിസ്റ്റന്റ്, അഞ്ച് സ്റ്റാഫ് നഴ്സ്, 2 നഴ്സിംഗ് അസിസ്റ്റന്റ്, രണ്ട് ആശുപത്രി അറ്റൻഡർ, ഒരു ഹെൽത്ത് സൂപ്പർവൈസർ, ഒരു ലേഡി ഹേൽത്ത് സൂപ്പർവൈസർ, രണ്ട് ഹെൽത്ത് ഇൻസ്പെക്ടർ, രണ്ട് ലേഡി ഹെൽത്ത് ഇൻസ്പെക്ടർ, രണ്ട് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -I, 4 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -II , 10 ജൂനിയർ ഹെൽത്ത് നഴ്സ്, ഒരു പാർട്ട് ടൈം സ്വീപ്പർ എന്നിവർ ജോലിനോക്കുന്നുണ്ട്.

(സി) പ്രസ്തുത പി.എച്ച്.സി.യുടെ ആവശ്യങ്ങളും ധനലഭ്യതയും പരിഗണിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

കണ്ണൂരിലെ പരിയാരം മെഡിക്കൽ കോളേജിൽ പേയ്മെന്റ് സീറ്റുകൾ

32(1845) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂരിലെ പരിയാരം മെഡിക്കൽ കോളേജിൽ കുട്ടികളുടെ പ്രവേശനത്തിൽ പേയ്മെന്റ് സീറ്റുകൾ നിലവിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്ന് മുതലാണ് അവ നിർത്തലാക്കിയത് ;

(സി) പേയ്മെന്റ് സീറ്റുകൾ നിർത്തലാക്കാനുണ്ടായ കാരണം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ സംവിധാനം നിർത്തലാക്കിയശേഷം ഓരോവർഷവും പ്രവേശനം ലഭിക്കുന്ന കുട്ടികളുടെ എണ്ണം സംബന്ധിച്ച വിശദവിവരം വ്യക്തമാക്കുമോ ;

(ഇ) ഇതുവരെയായി എത്ര കുട്ടികൾ ഓരോവർഷവും ഇവിടെനിന്നും ഡിഗ്രി പാസ്സായിട്ടുണ്ട് ?

ഉത്തരം

(എ&ബി) ഇല്ല. 1997-98 അദ്ധ്യയനവർഷം മുതൽ പേയ്മെന്റ് സീറ്റുകൾ നിർത്തലാക്കിയിരിക്കുകയാണ്.

(സി) 1997-ൽ പരിയാരം മെഡിക്കൽ കോളേജ് ഭരണം സർക്കാർ നിയമിച്ച ബോർഡ് ഓഫ് കൺട്രോളിന്റെ ചുമതലയിലായതിനെത്തുടർന്ന് സർക്കാരിന്റെ മറ്റ് മെഡിക്കൽ കോളേജുകളിലെ ഫീസ് നിരക്ക് ഇവിടേയും പ്രാബല്യത്തിൽ വരുത്തുന്നതിന്റെ ഭാഗമായാണ് പേയ്മെന്റ് സീറ്റുകൾ നിർത്തലാക്കിയത്.

(ഡി) വിശദവിവരം ചുവടെ ചേർക്കുന്നു.

അദ്ധ്യയന വർഷം	പ്രവേശനം ലഭിച്ച കുട്ടികളുടെ എണ്ണം
1997-98	98
1998-99	101
1999-2000	100
2000-2001	100

(ഇ) 2000 മേയ് മാസത്തിൽ 54 കുട്ടികളും, സെപ്റ്റംബർ മാസത്തിൽ 28 കുട്ടികളും ഈ കോളേജിൽനിന്നും ഡിഗ്രി പാസ്സായിട്ടുണ്ട്.

പരിയാരം മെഡിക്കൽ കോളേജ്

33(1846) ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂരിലെ പരിയാരം മെഡിക്കൽ കോളേജ് ആരംഭിച്ചത് എന്നാണ് ;

(ബി) ഈ കോളേജിൽ ഇതുവരെ ഓരോ വർഷവും എത്ര കുട്ടികൾ വീതം പഠിക്കുന്നുണ്ടെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ ;

(സി) ഈ കോളേജ് തുടങ്ങുമ്പോൾ ഇതിന്റെ മാനേജ്മെന്റ് സംവിധാനം എങ്ങനെയായിരുന്നു ;

(ഡി) ഇപ്പോൾ മെഡിക്കൽ കോളേജ് ഏറ്റെടുത്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly